## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4117    27/06/2012-ൽ മറുപടിക്ക്

## നിർത്തലാക്കിയ സൗജന്യ ചികിൽസാ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ആദിവാസി ജനവിഭാഗങ്ങൾക്ക് എൽ. ഡി. എഫ് സർക്കാർ നൽകിയിരുന്ന സൗജന്യ ചികിൽസാ പദ്ധതി ഈ സർക്കാർ നിർത്താലാക്കരുതെന്ന് ആവശ്യപ്പെട്ട് ആദിവാസി ക്ഷേമസമിതി നൽകിയ നിവേദനം ലഭ്യമായിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | ബി | ആദിവാസി ക്ഷേമ സമിതി സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. 2003-04 വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് 13.08.2007 ലെ സർക്കാർ ഉത്തരവ് (കൈ) 45/2007/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമാണ് പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2007-08 മുതൽ നടപ്പിലാക്കിയ ഈ പദ്ധതിയിലെ തുക മുഴുവനായും പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികൾക്ക് അനുവദിച്ചു നൽകിക്കഴിഞ്ഞതിനാൽ പദ്ധതിയിൽ ഇപ്പോൾ തുക ലഭ്യമല്ലാത്തതാകുന്നു. എന്നാൽ പട്ടികവർഗ്ഗക്കാർക്ക് വളരെയധികം ഗുണപ്രദമായ ഈ പദ്ധതി തുടരുന്നതിന് 5 കോടി രൂപ ബജറ്റിൽ വകയിരുത്തണമെന്നുള്ള നടപ്പു നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശ പരിഗണിച്ച് ഇതിലേക്കായി 'ന്യൂ സർവ്വീസ്' നടപടി പ്രകാരം പുതിയ ബജറ്റ് ശീർഷകം തുടങ്ങുന്നത് സർക്കാർ പരിഗണിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| സി | നിർത്തലാക്കിയ ഏതെല്ലാം സൗജന്യ ചികിൽസാ പദ്ധതികളാണ് പുനസ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | സി | നിലവിലുള്ള സൗജന്യ ചികിത്സാ പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. 2003-04 വർഷം അധികകേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ മുഴുവനായും ചെലവഴിച്ച സാഹചര്യത്തിൽ ഈ പദ്ധതി തുടരുന്നതിന് 5 കോടി രൂപ ബജറ്റിൽ വകയിരുത്തണമെന്നുള്ള നടപ്പ് നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശ സർക്കാർ പരിഗണിക്കുകയും ഇതിലേക്കായി പ്രസ്തുത തുക വകയിരുത്തി ചെലവ് ചെയ്യുന്നതിനായി 'ന്യൂ സർവ്വീസ്' നടപടി പ്രകാരം പുതിയ ബജറ്റ് ശീർഷകം തുറക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ